സ.ഉ.(സാധാ) നം.1948/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേസസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ബാംഗ്ലൂരിൽ വച്ച നടന്ന ജലജീവൻ മിഷന്റേയും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടേയും റീജിയണൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് വേണ്ടി ശുചിത്വ മിഷനിലെ ഉദ്യോഗസ്ഥർ നടത്തിയ വിമാന യാത്ര സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1948/2022/LSGD — തീയതി,തിരുവനന്തപുരം, 11-08-2022

---

പരാമർശം:- 1. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 03/03/2022, 04/03/2022, 10/03/2022 എന്നീ തീയതികളിലെ 614/എ/2022/എസ്.എം. നമ്പർ കത്തുകൾ

2. സ.ഉ.(അച്ചടി) നം. 12/2019/ധന തീയതി 16/02/2019.

<u>**ഉത്തരവ്**</u>

ശ്രീ. കെ.ടി. ബാലഭാസ്കരൻ, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, ശ്രീമതി. വനജകുമാരി, ഡയറക്ടർ (കടിവെള്ളം), ശ്രീ. ജോൺസൺ പ്രേം കുമാർ, പ്രോഗ്രാം ഓഫീസർ (ഹെൽത്ത്) എന്നിവർ 05.03.2022ൽ ബാംഗ്ലൂരിൽ വച്ച നടന്ന ജലജീവൻ മിഷന്റേയും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടേയും റീജിയണൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് യാത്രാനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്രസർക്കാർ അനുവദിച്ച സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടിൽ നിന്നും യാത്രാച്ചെലവ് വഹിക്കാവുന്നതാണെന്ന വ്യവസ്ഥയോടെ 05.03.2022ൽ ബാംഗ്ലൂരിൽ വച്ച നടന്ന ജലജീവൻ മിഷന്റേയും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടേയും റീജിയണൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിനായി മേൽ പരാമർശിച്ച ഉദ്യോഗസ്ഥർ നടത്തിയ വിമാനയാത്ര സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം

സ.ഉ.(സാധാ) നം.1948/2022/LSGD

സ.ഉ.(സാധാ) നം.1948/2022/LSGD

ധനകാര്യ (ഡെവ-വിംഗ്) വകുപ്പ് (ഡെവ-5/95/2022-ധന(ഇ 2065049) പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/35/2022/LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ